Uncorrected/Not for Publication
13.08.2021

**അവകാശലംഘന പ്രശ്നം**

മി. സ്പീക്കർ: 2021 ജൂൺ 1-ാം തീയതി തന്റെ മണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചട്ടം 62 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചുകൊണ്ട് സഭയിൽ നടത്തിയ പ്രസംഗത്തെ തനിക്ക് ഹാനികരമാംവിധം വസ്തുതാവിരുദ്ധമായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ യുട്യൂബ് ചാനൽ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായെന്നും ഇങ്ങനെ ചെയ്തുവഴി ശ്രീ. ബെന്നി ജോസഫ് ഭരണഘടനയിലെ അനുച്ഛേദം 194 പ്രകാരം നിയമസഭാ സാമാജികനെന്ന നിലയിലുള്ള തന്റെ അവകാശങ്ങളെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. പി. ടി. തോമസ് എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരളാ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ് ആന്റ് എത്തിക്സ് സംബന്ധിച്ച കമ്മിറ്റിക്ക് 11-08-2021-ന് റഫർ ചെയ്തിരിക്കുന്നു.